# ദൈവസ്നേഹം

## 1 യോഹന്നാൻ 4:07

"പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറിയുകയും ചെയ്യുന്നു"

യഥാർഥ സ്നേഹത്തിന്റെ ഉറവിടം എന്നു പറയുന്നത് ദൈവമാണെന്ന് വചനം നമ്മോട് പറയുന്നു; "ദൈവം സ്നേഹം തന്നെ" (1 യോഹന്നാൻ 4:8). ഇവിടെ യോഹന്നാൻ പറയുന്നത് ലോകത്ത് നിലനിൽക്കുന്ന പൊതുവായ ഒരു സ്നേഹത്തെക്കുറിച്ചല്ല മറിച്ച് നിത്യമായി നിലനിൽക്കുന്നതും വകഭേദങ്ങളൊന്നുമില്ലാത്തതും, നിർവ്യാജമായതും, പ്രതി ഫലേച്ഛയില്ലാത്തതുമായ സ്നേഹത്തെക്കുറിച്ചാണ്. ആ സ്നേഹം നമുക്കുള്ളതോ; നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തുയേശുവിൽ അവന്റെ ആത്മാവിന്റെ നിയന്ത്രണത്തിൻ കീഴിൽ ഒരു ശരീരമാക്കപ്പെട്ട നമ്മുടെ കൂട്ടുസഹോദരങ്ങളോടുള്ളതോ?

1 യോഹന്നാൻ 4:16 ലേക്ക് കടന്നു പോകുമ്പോൾ അവിടെ ഇപ്രകാരം പറയുന്നു "ഇങ്ങനെ ദൈവത്തിന്നു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു." ഇവിടെ യോഹന്നാൻ നമ്മെ ഈ വചനത്തിലൂടെ കടത്തിക്കോണ്ടു പോകുമ്പോൾ അവിടെ പറയാനാഗ്രഹിക്കുന്ന ഒരു കാര്യമെന്നു പറയുന്നത് ഈ ദൈവസ്നേഹം ഒരു അനുഭവം എന്നതിലുപരി അതു ഒരു തരത്തിലുള്ള ഒരു തിരഞ്ഞെടുക്കലാണ്. കാരണം നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ടു എന്നുള്ള വസ്തുത വിശ്വാസത്താൽ ഏറ്റെടുക്കുന്ന ഏവരും നമ്മുടെ സഹോദരനും സഹോദരിയുമാണ്. അങ്ങനെയെങ്കിൽ ഈ സ്നേഹമാകുന്ന ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത് നാം അന്യോന്യം ഈ സ്നേഹം പങ്കിടണം എന്നാണ്. 1 യോഹന്നാൻ 4:8 ൽ പറയുന്നു "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ." സ്നേഹം എന്നു പറയുന്നത് ദൈവത്തിന്റെ പരമമായ ഒരു സ്വഭാവമാണ്. അത് എല്ലാവർക്കും ഒരുപോലെ നൽകപ്പെടുന്ന ഒന്നാണ്. അതിൽ വിഭജനമോ പങ്കിടലോ ഒന്നുമില്ല. ഏവർക്കും ദൈവം ഒരേ അളവിലാണ് സ്നേഹം ചൊരിയുന്നത്. അവനിൽ വീണ്ടും ജനിച്ചവരായ നാമും അതേ സ്വഭാവത്തിലും അതേപോലെയും മറ്റുള്ളവരെ സ്നേഹിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

നാമെല്ലാവരും അവന്റെ സ്നേഹത്തിൽ ആശ്രയിക്കുന്നവരാണ്. ഒരിക്കലെങ്കിലും നമുക്ക് അവന്റെ സ്നേഹത്തിന്മേൽ ഒരു സംശയം ഉണ്ടായിട്ടുണ്ടെങ്കിൽ അത് നമ്മുടെ ജീവിതത്തിന്റെ കുറവുകളാണെന്ന് മനസ്സിലാക്കി നമ്മെ തന്നെ ആ കാൽവറി ക്രൂശിൽ സമർപ്പിക്കുക. അവിടെ നമുക്ക് ആ സംശയമെല്ലാം ഇല്ലാതായിത്തീരും. കാരണം യോഹന്നാൻ 3:16 ൽ പറയുന്നു "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോവാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു; അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു എന്ന്." നാം ഒരു പാട്ടിൽ ഇപ്രകാരം പാടുന്നു

മഹൽ സ്നേഹം മഹൽ സ്നേഹം പരലോക പിതാവു തൻ

മകനെ മരിപ്പതിനായ് കുരിശിൽ കൈവെടിഞ്ഞോ.

ആ കൈവെടിയൽ നമ്മുടെ ജീവിതത്തിൽ നാം ചെയ്തു പോയതും ഇപ്പോൾ ചെയ്യുന്നതും ഇനിയും ചെയ്‌വാനിരിക്കുന്നതുമായ എല്ലാ പാപങ്ങളുടെയും മറുവിലയായിരുന്നു എന്നോർക്കുക. ആരെല്ലാം സ്നേഹത്തിൽ വസിക്കുന്നുവോ അവരെല്ലാം ദൈവത്തിൽ ജീവിക്കുന്നു. അവരിൽ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഇന്നീ ലോകത്തിൽ ആയിരിക്കുമ്പോൾ ദൈവസ്നേഹത്തിൽ നിലനിൽക്കാനും അതിലൂടെ ദൈവം നമ്മിൽ വസിക്കുന്ന ഒരു അനുഭവത്തിൽ ആയിത്തീരാനും ആ സ്നേഹം മറ്റുള്ളവർക്ക് പകർന്നു നൽകാനും സാധിക്കട്ടെ എന്നു പ്രാർഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :
റോമർ 5:8–9

ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 073